പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 640 — 11.12.2012-ൽ മറുപടിക്ക്

## ഹൗസിംഗ് റെഗുലേറ്ററി അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ;<br>ശ്രീ. ഹൈബി ഈഡൻ;<br>ശ്രീ. വർക്കല കഹാർ;<br>ശ്രീ. റ്റി. എൻ. പ്രതാപൻ; | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൗസിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ഭവന നിർമ്മാണ മേഖലയിൽ പ്രത്യേകിച്ചും ഫ്ളാറ്റ് നിർമ്മാണ മേഖലയിൽ ഉയർന്നു വരുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും കെട്ടിട നിർമ്മാതാക്കളും ഗുണഭോക്താക്കളും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും, ആസൂത്രിതവും ആരോഗ്യകരവുമായ വികസനവും നിർമ്മാണവും വിൽപ്പനയും കൈമാറ്റവും നടത്തിപ്പും ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, ലക്ഷ്യമിട്ടുകൊണ്ട് ക്വാസി ജുഡീഷ്യൽ അധികാരത്തോടുകൂടിയ അപ്പാർട്ട്മെന്റ് റഗുലേറ്ററി അതോറിറ്റിയും അപ്പലേറ്റ് അതോറിറ്റിയും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഫ്ലാറ്റ് നിർമ്മാണ രംഗത്ത് ഉയർന്നു വന്നിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം അർദ്ധ ജുഡീഷ്യൽ അധികാരങ്ങളാണ് ഈ അതോറിറ്റിയ്ക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ഫ്ലാറ്റുകളുടെ നിർമ്മാണവും വിൽപ്പനയും കൈമാറ്റവും നടത്തിപ്പും ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, സംസ്ഥാനത്ത് നിർമ്മിക്കുന്ന എല്ലാ ഫ്ലാറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ പരസ്യപ്പെടുത്തുന്നതിനും, ഒരു ഫ്ലാറ്റ് നിർമ്മാതാവും ഉപഭോക്താവും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും അധികാരം നൽകുന്നു. |
| (ഡി) | അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ